(ബി) മലയോര വികസന അതോറിറ്റി രൂപീകരിക്കുവാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ള ശ്രീ. എം. എസ്. ജോസഫിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ അതോറിറ്റി രൂപീകരിക്കും.

പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും സംസ്ഥാനത്ത് താമസിക്കുന്ന വിദേശികൾ

17 [1114] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും സംസ്ഥാനത്ത് താമസിക്കുന്ന എത്ര വിദേശികളുണ്ട്; അതിൽ പാക്കിസ്ഥാൻകാരെത്ര;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 444 പേർ. അതിൽ 297 പേർ പാക്കിസ്ഥാൻകാരാണ്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും താമസിക്കുന്ന വിദേശികളുടെ ആകെ എണ്ണം	പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും താമസിക്കുന്ന പാക്കിസ്ഥാൻകാരുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം (റൂറൽ)	2	1
തിരുവനന്തപുരം (സിറ്റി)	ഇല്ല	ഇല്ല
കൊല്ലം	12	3
പത്തനംതിട്ട	15	ഇല്ല
കോട്ടയം	4	ഇല്ല
ഇടുക്കി	ഇല്ല	ഇല്ല
ആലപ്പുഴ	2	ഇല്ല
എറണാകുളം (റൂറൽ)	1	1
കൊച്ചി (സിറ്റി)	5	1
തൃശ്ശൂർ	32	4
പാലക്കാട്	27	5
മലപ്പുറം	156	139
കോഴിക്കോട് (റൂറൽ)	42	16
കോഴിക്കോട് (സിറ്റി)	9	5
വയനാട്	ഇല്ല	ഇല്ല
കണ്ണൂർ	129	116
കാസർകോഡ്	8	6
	444	297

LIBRARY ARCHIVES Kerala Legislative Assembly